II.ഇ.ബി. XII-കേരള നിയമസഭ/XI-16

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂലൈ 14, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

52(*451) കേന്ദ്ര സഹായത്തോടെ ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, പത്തനംതിട്ട ജില്ലയിലെ കോന്നി പഞ്ചായത്തിൽ കേന്ദ്ര സഹായത്തോടെ കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനം ഭക്ഷ്യവകുപ്പിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരമുള്ള ഭക്ഷ്യ സംസ്ക്കരണ പരിശീലന കേന്ദ്രം, ഭക്ഷ്യ ഗുണമേന്മാ പരിശോധനാ ലബോറട്ടറി, തദ്ദേശീയ ഭക്ഷ്യ സാങ്കേതിക കോളേജ്, തദ്ദേശീയ ഭക്ഷ്യ ഗവേഷണ കേന്ദ്രം, തദ്ദേശീയ ഭക്ഷ്യ പാർക്ക് എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഇതിൽ ഭക്ഷ്യ ഗുണമേന്മാ പരിശോധനാ ലബോറട്ടറിയുടെ ഭാഗമായ മൈക്രോബയോളജി ലബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടു

ന്നതും കേരളീയ കമ്പോളങ്ങളിൽ നിലവിലുള്ളതുമായ ഭക്ഷ്യ പാനീയ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനുമുള്ള സൗകര്യവും ഭക്ഷ്യവസ്തുക്കൾ ഉപയോഗയോഗ്യ മാണോ എന്ന് അതിലുള്ള സൂക്ഷ്മാണുക്കളുടെ സാന്നിദ്ധ്യം പരിശോധിച്ച് കണ്ടെത്താനുള്ള സംവിധാനവും ഭക്ഷ്യ വിഷബാധ ഉണ്ടാക്കുന്ന സൂക്ഷ്മാ ണുക്കളായ ഇ. കോളി, സ്റ്റാഫ് ഓറിയസ്, സാൽമൊണല്ല, വിബ്രിയോകോളറ തുടങ്ങിയ രോഗാണുക്കളുടെ സാന്നിദ്ധ്യം ഭക്ഷ്യ വസ്തുക്കളിൽ ഉണ്ടോ എന്ന് പരിശോധിച്ചറിയുവാനുള്ള സംവിധാനവും ഈ ലബോറട്ടറിയിൽ ഉണ്ട്. കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡവലപ്മെന്റിന്റെ കീഴിൽ ആരംഭി ക്കുവാനുദ്ദേശിക്കുന്ന തദ്ദേശീയ ഭക്ഷ്യ സാങ്കേതിക കോളേജിന്റെ പ്രവർത്തനം ഈ വർഷം ആരംഭിക്കുന്നതാണ്. മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭ്യമാകുന്ന ഈ കോളേജിൽ ഫുഡ് ടെക്നോളജി & ക്വാളിറ്റി അഷ്വറൻസ് എന്ന വിഷയത്തിൽ ബിരുദ കോഴ്സിന് 30 സീറ്റും ബിരുദാന ന്തര കോഴ്സുകൾക്ക് 15 സീറ്റും നീക്കിവച്ചിട്ടുണ്ട്. ഈ കോഴ്സുകൾക്ക് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ അടങ്കൽ തുക 95.33 കോടി രൂപയാണെന്നും ഘട്ടം ഘട്ടമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ ഇപ്പോൾ നടപ്പിലാക്കുന്നതിന്റെ കേന്ദ്ര വിഹിതം 21.19 കോടി രൂപയും സംസ്ഥാന വിഹിതം 6.95 കോടി രൂപയുമാണ്. നെല്ലിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം ലബോറട്ടറിയിൽ ലഭ്യമാണ്. അന്യസംസ്ഥാനങ്ങളിൽനിന്ന് മാംസാവശ്യത്തിന് കൊണ്ടുവരുന്ന ആടുമാടുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ചെക്ക്പോസ്റ്റുകളിൽ വെറ്ററിനറി ഡോക്ടർമാർ ഉൾപ്പെടെയുള്ള സ്റ്റാഫിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വെറ്ററിനറി

ഡോക്ടർമാർ സർട്ടിഫൈ ചെയ്താലേ അറവുശാലകളിൽ മൃഗങ്ങളെ കൊല്ലാൻ അനുവദിക്കുകയുള്ളൂ. ഇക്കാര്യത്തിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതാണ്. സംസ്ഥാനത്ത് സീസണലായി ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ സംസ്ക്കരണം, വിപണനം, പ്രിസർവേഷൻ തുടങ്ങിയ കാര്യങ്ങൾക്ക് കൃത്യമായി മാർഗ്ഗനിർദ്ദേശം കൊടുക്കുന്നതിന് സഹായകരമായ മൂന്ന് പ്രോജക്ടുകൾ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.. ബാലുശ്ശേരിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പഴം സംസ്ക്കരണ ഫാക്ടറി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാൽ പരിശോധിക്കാൻ എല്ലാ ജില്ലകളിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഫുഡ് പാർക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ചക്ക സംസ്ക്കരണത്തിനായി എൻ.ആർ.ഐ. കളോ സ്വകാര്യ കമ്പനികളോ മുന്നോട്ടു വന്നാൽ അവരുടെ സേവനം പ്രയോജനപ്പെടുത്തുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാവുന്നതാണെന്നും അരൂരിൽ കാർഷിക സർവ്വകലാശാലയുടെ സബ്സെന്റർ തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണെന്നും മാനുഫാക്ചറിംഗ് യൂണിറ്റിൽവച്ചുതന്നെ നടത്തുന്ന മായം ചേർക്കൽ തടയുന്നതിന് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെ നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. ഭക്ഷ്യപദാർത്ഥങ്ങളിൽ മായം ചേർക്കുന്നത് തടയുന്നതിന് പി.എഫ്.എ. ആക്ട് പ്രകാരം പ്രവർത്തിക്കുന്ന ഒരു ഓഫീസ് പൂജപ്പുരയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും കേന്ദ്ര നിയമത്തിനനുസരിച്ച് മായം ചേർക്കലിന്

എതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) വ്യക്തമാക്കി.

53(*452) <u>വനപാലകർക്ക് ആധുനിക ആയുധങ്ങൾ</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, ആധുനിക ആയുധങ്ങളുമായി കാട്ടിലെത്തുന്ന വനം കൊള്ളക്കാരെ നേരിടുന്നതിന് കൂടുതൽ രൂക്ഷമായ സംരക്ഷണ പ്രശ്നങ്ങളുള്ള സ്ഥലങ്ങളിലും ആക്രമണ ഭീഷണി നേരിടുന്ന സ്ഥലങ്ങളിലും ജോലി നോക്കുന്ന വനംവകുപ്പ് ഉദ്യോഗസ്ഥർക്കും വിജിലൻസ് വിഭാഗ ത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫ്ളയിംഗ് സ്ക്വാഡുകളിലെ ഉദ്യോഗസ്ഥർക്കും തോക്കുകളും സംരക്ഷണ പ്രശ്നബാധിത പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന വൈൽഡ് ലൈഫ് വാർഡൻമാർ, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻമാർ, റെയിഞ്ച് ഓഫീസർമാർ എന്നിവർക്ക് കൈതോക്കു കളും നൽകിയിട്ടുണ്ടെന്നും സ്വയരക്ഷയ്ക്ക് മാത്രമേ ആയുധങ്ങൾ ഉപയോ ഗിക്കാവൂ എന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടെന്നും നൽകേണ്ട ആയു ധങ്ങളുടെ പ്രത്യേകതകൾ, അവ ഉപയോഗിക്കുന്നതിന് വേണ്ടിയുള്ള പരിശീ ലന പരിപാടികൾ, ഫണ്ടിന്റെ ലഭ്യത, സുരക്ഷ സംവിധാനങ്ങൾ എന്നിവ യെക്കുറിച്ചെല്ലാം വിശദമായ ചർച്ചകൾ നടത്തിയതിനുശേഷം മാത്രമേ കൂടുതൽ ആധുനിക ആയുധങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ തീരു മാനമെടുക്കുവാൻ സാധിക്കുകയുള്ളുവെന്നും സഭയെ അറിയിച്ചു. വനപാലകർക്ക് 330 തോക്കുകളും 73 പിസ്റ്റലുകളും നൽകിയിട്ടുണ്ട്. അവർക്ക് ഗുണനിലവാരം കൂടിയ തോക്കുകൾ വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്. ഈ ഗവൺമെന്റ് വന്നശേഷം ചന്ദനമര കള്ളക്കടത്തു

നടത്തിയ ധാരാളം ആളുകളെ പിടികൂടുകയും നിരവധി വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ചന്ദന മരങ്ങളുടെ എണ്ണത്തിൽ ഇപ്പോൾ വർദ്ധനവുണ്ടായിട്ടുണ്ട്. വനം വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും പരിശീലനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. 11.3 ലക്ഷം ഹെക്ടർ വിസ്തൃതിയുള്ള കേരളത്തിന്റെ വനഭൂമി സംരക്ഷിക്കാൻ ഇപ്പോഴുള്ള 2404 ജീവനക്കാർ അപര്യാപ്തമായതിനാൽ വന സംരക്ഷണ സേനയുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ പരിഗണിക്കുന്നതാണെന്നും വനം വകുപ്പിൽ ഒഴിവുള്ള 765 തസ്തികകൾ ഒക്ടോബർ-നവംബർ മാസത്തോടുകൂടി നികത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും വനപാലകരുടെ ശമ്പള വർദ്ധനവിന് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതാണെന്നും കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി പരിശ്രമിച്ച വനപാലകരുടെ കേസ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട് നിയമത്തിന്റെ പരിധിക്കകത്തു നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന സഹായങ്ങൾ ചെയ്യുന്നതാണെന്നും മന്ത്രി അറിയിച്ചു. കേരളവും തമിഴ്നാടും കർണ്ണാടകവുമായുള്ള അതിർത്തി തർക്കങ്ങൾ പരിഹരിക്കാൻ എല്ലാ തലങ്ങളിലും ചർച്ചകൾ നടക്കുന്നുണ്ട്. കാട്ടുതീയും വനംകൊള്ളയും ഫലപ്രദമായി തടയുന്നതിന് ഹെലികോപ്ടർ വാങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

54(*453) <u>അച്ചടിജോലികൾ ഔട്ട്സോഴ്സ് ചെയ്യുന്നതുകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ</u>

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, അച്ചടി ജോലികൾ ഔട്ട് സോഴ്സ് ചെയ്യുന്നത് സർക്കാരിന്റെ നയമല്ലെങ്കിലും

അടിയന്തിര ഘട്ടങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് ചട്ടപ്രകാരം അച്ചടിജോലികൾ ഔട്ട് സോഴ്സ് ചെയ്യാറുണ്ടെന്നും ഇതിനായി സർക്കാർ തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അച്ചടി ജോലികൾ ചെയ്യുന്നതിനുള്ള ടെണ്ടർ വിലയിരുത്തുക, വിവിധ പ്രിന്റർമാരെ എംപാനൽ ചെയ്യുന്ന ടെണ്ടർ വിലയിരുത്തുക എന്നിവയാണ് കമ്മിറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. പാഠപുസ്തകം പോലെ വളരെയധികം എണ്ണമുള്ളതും സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമായ അച്ചടി ജോലികൾ ഔട്ട് സോഴ്സ് ചെയ്യുന്നതുമൂലം പ്രസ്തുത അച്ചടി ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയും. അച്ചടി ജോലികൾ നല്ല രീതിയിൽ നടത്താനുള്ള പരിശ്രമങ്ങളാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും അഴിമതിക്ക് ഇടയാക്കുന്ന തരത്തിലുള്ള നീക്കങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

55(*454) <u>ഇലക്ട്രോണിക് ടിക്കറ്റിംഗ് സമ്പ്രദായം</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, 5.6.2003-ൽ കൊല്ലം ഡിപ്പോയിലാണ് ആദ്യമായി ഇ.ടി.എം. വിതരണം ചെയ്തതെന്നും 10.5.2009-ൽ പുതുക്കാട് ഓപ്പറേറ്റിംഗ് സെന്ററിൽ ഇ.ടി.എം. വിതരണം ചെയ്തതോടുകൂടി കെ.എസ്.ആർ.ടി.സി.യുടെ എല്ലാ സർവീസുകളിലും ഇ.ടി.എം. ഉപയോഗിച്ചു തുടങ്ങിയെന്നും സഭയെ അറിയിച്ചു. മൈക്രോ എഫ്.എക്സ്, സോഫ്റ്റ് ലാന്റ് ഇന്ത്യാ ലിമിറ്റഡ് എന്നീ കമ്പനികളിൽ നിന്നും രണ്ട് ഘട്ടങ്ങളിലായിട്ടാണ് ഇ.ടി.എം. വാങ്ങിയത്. 2003-ൽ 8,469 രൂപ നിരക്കിൽ 4,000 ഇ.ടി.എം. കളും, 2008-ൽ 4,585 രൂപ നിരക്കിൽ 2,000 ഇ.ടി.എം. കളും വാങ്ങുകയുണ്ടായി. 8,469 രൂപ നിരക്കിൽ 2003-ൽ വാങ്ങിയ ഇ.ടി.എം.കൾക്ക് പകരം

കൂടുതൽ കാര്യക്ഷമതയുള്ള ഇ.ടി.എം.കൾ ബൈബാക്ക് സ്കീമിലൂടെ 3,861 രൂപ നിരക്കിൽ 2008-ൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനകം ആറായിരം മെഷീനുകൾ വാങ്ങിയിട്ടുണ്ട്. . ഇ.ടി.എം.കൾ വാങ്ങിയതിൽ അഴിമതി നടന്നിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മെഷീനുകളുടെ റിപ്പയറിംഗിനും, സർവീസിനും കമ്പനികളുടെ തുടർസേവനം ലഭിക്കുന്നുണ്ട്. ഇതിനായി പ്രസ്തുത കമ്പനികൾക്ക് ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് (AMC) നൽകിയിട്ടുണ്ട്. മെഷീൻ സംപ്രദായം നടപ്പാക്കിയതിനുശേഷം നിലവിലുണ്ടായിരുന്ന സാധാരണ റാക്ക് തയ്യാറാക്കുന്നതിനും വേബില്ലുകൾ തയ്യാറാക്കുന്നതിനും അവ ഓഡിറ്റ് ചെയ്യുന്നതിനും വേണ്ടി വരുന്ന മനുഷ്യ പ്രയത്നം കുറയ്ക്കുവാനും സർവ്വീസ് ഓപ്പറേഷനെ സംബന്ധിക്കുന്ന കൃത്യമായ വിവരങ്ങൾ വളരെ വേഗതയിൽ ലഭ്യമാക്കുവാനും ഓഡിറ്റിംഗ് അപ്പപ്പോൾതന്നെ നടക്കുന്നതിനാൽ ഷോർട്ട് റെമിറ്റൻസ് ഒഴിവാക്കാനും കണ്ടക്ടർമാരുടെ ജോലിഭാരം കുറയ്ക്കുവാനും ഇൻസ്പെക്ടർമാർക്ക് ടിക്കറ്റ് പരിശോധന എളുപ്പമാക്കാനും കഴിയുന്നുവെന്ന് മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3589 മുതൽ 3796 വരെയുള്ള ചോദ്യങ്ങളിൽ 143 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)